## വനം വകുപ്പ് ആസ്ഥാന ഓഫീസിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്.

**പുറപ്പെടുവിക്കുന്നത് : സൂസൻ ഗോപി**

വിഷയം: ജീവനക്കാര്യം - വനം വകുപ്പിലെ സീനിയർ ക്ലാർക്കിന് ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം നൽകിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന:
1. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 02.02.2018 തീയതിയിലെ ഇ3-1100/2018 നമ്പർ ഉത്തരവ്.
2. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 07.02.2017-ലെ തീയതിയിലെ ഇ5-48110/14 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ3-1500/2018 തീയതി : 07.02.2018**

സൂചന (1) ഉത്തരവ് പ്രകാരം വനം വകുപ്പിൽ ഒരു ഹെഡ് അക്കൗണ്ടന്റിന് ജൂനിയർ സൂപ്രണ്ട് ആയി സ്ഥാനക്കയറ്റം നൽകിയതിലൂടെ ഹെഡ് അക്കൗണ്ടന്റിന്റെ ഒരു ഒഴിവ് നിലവിലുണ്ട്. സൂചന (2) പ്രകാരമുള്ള സീനിയർ ക്ലാർക്കുമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ് പ്രകാരം ശ്രീ.ടി.എം.ഗംഗാധരൻ (സീനിയോരിറ്റി നമ്പർ 101) ആണ് നിലവിലുള്ള ഹെഡ് അക്കൗണ്ടന്റിന്റെ ഒഴിവിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുവാൻ അർഹതയുള്ളത്.

മേൽ വിവരിച്ച സാഹചര്യത്തിൽ, സീനിയർ ക്ലാർക്ക്, ശ്രീ.ടി.എം.ഗംഗാധരനെ ഹെഡ് അക്കൗണ്ടന്റായി 27800-700-29900-800-33900-900-37500-1000-42500-1100-48000-1200-54000-1350-59400 ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ഹെഡ് അക്കൗണ്ടന്റുമാരുടെ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ പരിഗണിച്ചും, ഭരണ സൗകര്യാർത്ഥവും താഴെപ്പറയുന്ന ഹെഡ് അക്കൗണ്ടന്റുമാരുടെ സ്ഥലംമാറ്റ ഉത്തരവ് അടിയന്തരമായി പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര് | സ്ഥലംമാറ്റം/ സ്ഥാനക്കയറ്റം | നിയമനം നൽകുന്ന ഓഫീസ് |
|---|---|---|---|
| 1. | ശ്രീ.സുരേഷ്കുമാർ.സി.എം,<br>ഹെഡ് അക്കൗണ്ടന്റ്,<br>O/o ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,<br>കാസർഗോഡ് | സ്ഥലംമാറ്റം | O/o ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, റീജിയണൽ നോർത്ത്, കണ്ണൂർ<br>(ശ്രീ.ശശിധരൻ.പി.സി.യ്ക്ക് ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയത് മൂലമുള്ള ഒഴിവ്) |

| | | | |
|---|---|---|---|
| 2. | ശ്രീ.ടി.എം.ഗംഗാധരൻ,<br>സീനിയർ ക്ലാർക്ക്,<br>O/o അസിസ്റ്റന്റ് വൈൽഡ്‌ലൈഫ്<br>വാർഡൻ, സുൽത്താൻബത്തേരി | സ്ഥാനക്കയറ്റം | O/o ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കാസർഗോഡ് (ശ്രീ.സുരേഷ്കുമാർ.സി.എം, ഹെഡ് അക്കൗണ്ടന്റിന് സ്ഥലംമാറ്റം നൽകിയത് മൂലമുള്ള ഒഴിവ്) |

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) & ചീഫ് വൈൽഡ്‌ലൈഫ് വാർഡന്റെ 11.06.2013-ലെ സർക്കുലർ നമ്പർ 5/2013 പ്രകാരം സ്ഥാനക്കയറ്റം നൽകിയ ഉദ്യോഗസ്ഥനെ പ്രസ്തുത ഓഫീസിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തശേഷം വിടുതൽ ചെയ്യേണ്ടതാണ്. ക്രമനമ്പർ 1-ന്റെ സ്ഥലംമാറ്റം അപേക്ഷ പ്രകാരമായതിനാൽ ജോയിനിംഗ് ടൈം അനുവദനീയമല്ല.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

വ്യക്തികൾക്ക് മേലധികാരി മുഖാന്തിരം

പകർപ്പ്:
1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) & ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ.
3. എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
4. എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
5. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്) ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
6. എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
7. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും.
8. എല്ലാ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
9. എല്ലാ വൈൽഡ്‌ലൈഫ് വാർഡൻമാർക്കും.
10. എച്ച് സെക്ഷൻ/സ്റ്റോക്ക് ഫയൽ.